LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ കാര്യങ്ങളൊക്കെ പലതവണ സംസാരിച്ചതാണ്, ഭൂമി ഏറ്റെടുക്കുന്നില്ല, അത് ഉപയോഗിക്കുവാനുള്ള ഒരു അവകാശം മാത്രമാണ്, അല്ലാതെ അക്വിസിഷന്റെ പ്രശ്നം ഈ കാര്യത്തിലില്ല.

ശ്രീ. എ. കെ. ബാലൻ: സർ, 1949 മെഗാവാട്ട് വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരാനുള്ള കരാർ ഉണ്ടാക്കിയതിന് വളരെ നന്ദി. വളരെ നല്ലതായി, പക്ഷെ കരാറുണ്ടാക്കിയതുകൊണ്ട് കാര്യമില്ലല്ലോ. നമുക്ക് ട്രാൻസ്മിഷൻ ലൈൻ ആക്സസ് ഇല്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതാണ് നേരത്തേ 3 മെഗാവാട്ട് വൈദ്യുതി മാത്രമേ നമുക്ക് പുറത്തുനിന്നും കൊണ്ടുവരാൻ സാധിച്ചുള്ളൂ എന്നു പറഞ്ഞത്. പവർഗ്രിഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ലിമിറ്റഡ് (പി.ജി.സി.ഐ.എൽ.) നമുക്കെതിരായിട്ട് ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്തു. അവർക്കെതിരായി നമ്മൾ സെൻട്രൽ ഇലക്ട്രിസിറ്റി കമ്മീഷന് മുൻപാകെ വേറൊരു കേസുകൊടുത്തു. അതുകൊണ്ട് പി.ജി.സി.ഐ.എൽ.-നെ വിശ്വാസത്തിലെടുക്കാതെ കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ കഴിയുകയില്ല. നമ്മുടെ വൈദ്യുതികൊണ്ട് പ്രശ്നം പരിഹരിക്കുവാൻ പറ്റുകയില്ല. ഇപ്പോഴുണ്ടാക്കിയ കരാറുകൊണ്ട് വൈദ്യുതി പ്രശ്നം പരിഹരിക്കുവാൻ കഴിയണമെങ്കിൽ അതിനൊരു വഴിയേ ഉള്ളൂ, പി.ജി.സി.ഐ.എൽ.-മായി നല്ല ബന്ധം സ്ഥാപിച്ച് അവരുമായി ചർച്ച നടത്തി ഈ പ്രശ്നം പരിഹരിക്കുകയും, കേസുകൾ പിൻവലിക്കുകയും ചെയ്യുന്നതിന് അങ്ങ് മുൻകൈ എടുക്കുമോ ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, കേസുകൾ നമുക്ക് പ്രശ്നമല്ല. കേസ്സ് അവരാണ് കൊടുത്തത്, ഇടമൺ-കൊച്ചി ലൈനിന്റെ കാര്യത്തിലാണ് അവർ കേസ്സു കൊടുത്തത്. മറ്റു കാര്യങ്ങളിൽ ഗവൺമെന്റിനേയോ, ബോർഡിനേയൊ കുറ്റപ്പെടുത്തിയിട്ടല്ല കേസ്സ്. ആ സ്ഥലം എടുത്തുകൊടുക്കാൻ കഴിഞ്ഞില്ല. അവർക്ക് നഷ്ടമുണ്ട് എന്നതാണ് കേസ്സ്. അതേ അവസരത്തിൽ കോറിഡോർ നിഷേധിച്ചത് നമ്മളെ സംബന്ധിച്ചിടത്തോളം ഒരിക്കലും അംഗീകരിക്കുവാൻ കഴിയില്ല, അതിനാണ് നമ്മൾ അവർക്കെതിരെ കേസ്സ് കൊടുത്തത്, എന്നുമാത്രമല്ല അക്കാര്യത്തിൽ ഒരു ഒത്തുതീർപ്പിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

അടിയന്തര ചോദ്യം

1. ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ വരുത്തിയ മാറ്റം

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് വാഹനങ്ങളിൽ സ്പീഡ് ഗവർണർ സ്ഥാപിക്കുന്നത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിൽ 2012-ൽ വരുത്തിയ മാറ്റം 2014 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്ക് വാഹനങ്ങൾ കേരളത്തിന് പുറത്ത് സർവ്വീസ് നടത്തുമ്പോൾ എക്സ്പ്രസ്സ് ഹൈവേകളിൽ വേഗത്തിൽ ഓടുന്നതിന് സ്പീഡ് ഗവർണർ തടസ്സം സൃഷ്ടിക്കുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) കേരളത്തിന് പുറത്തുള്ള ചരക്ക് വാഹനങ്ങളോടൊപ്പം വേഗത്തിൽ ലക്ഷ്യസ്ഥാനങ്ങളിലെത്താൻ കേരള രജിസ്ട്രേഷനുള്ള ലോറികളെ കൂടി പ്രാപ്തമാക്കുന്ന രീതിയിൽ കേന്ദ്ര ചട്ടം കേരളത്തിനുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കേന്ദ്ര സർക്കാർ പുതിയ വിജ്ഞാപന പ്രകാരം 1-4-2014 മുതൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയെങ്കിലും സ്റ്റേറ്റ് പെർമിറ്റ്, നാഷണൽ പെർമിറ്റ്, ഗ്രഡ്സ് വാഹനങ്ങൾ, ആൾ ഇന്ത്യാ പെർമിറ്റ് വാഹനങ്ങൾ എന്നിവയെ അതിൽ നിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ഇത് കേരളത്തിലെ വാഹന സാന്ദ്രതയും റോഡുകളുടെ പരിമിതികളും കണക്കിലെടുക്കുമ്പോൾ അപകടങ്ങൾ വർദ്ധിക്കുവാൻ കാരണമാകുമെന്നതിനാൽ ഇത്തരം വാഹനങ്ങളെ കൂടി സ്പീഡ് ഗവർണർ ഫിറ്റ് ചെയ്യേണ്ടതായ വാഹനങ്ങളുടെ വിഭാഗത്തിൽ നിലനിർത്തിക്കൊണ്ട് ടി വിജ്ഞാപനം ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. കേരളത്തിലെ സ്പീഡ് ഗവർണർ ഘടിപ്പിച്ച വാഹനങ്ങളോടൊപ്പം സ്പീഡ് ഗവർണർ ഒഴിവാക്കിക്കൊണ്ട് മേൽപ്പറഞ്ഞ വാഹനങ്ങൾ മത്സരിക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും. ആകയാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് അറിഞ്ഞശേഷം അതിനനുസൃതമായി തുടർനടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. റ്റി. എ. റഹീം. സർ, കേരളത്തിൽ രജിസ്റ്റർ ചെയ്ത ചരക്ക വാഹനങ്ങൾ കേരളത്തിന് പുറത്ത് സർവ്വീസ് നടത്തുമ്പോൾ എക്സ്പ്രസ്സ് ഹൈവേകളിൽ സ്പീഡ് ഗവർണർ തടസ്സം സൃഷ്ടിക്കുന്നത് മനസ്സിലാക്കിയിട്ടുണ്ടോ എന്ന ചോദ്യത്തിന് അങ്ങ് ഇല്ല എന്നാണ് മറുപടി പറഞ്ഞത്. കാറിൽ പിൻസീറ്റിലിരുന്ന് യാത്ര ചെയ്യുന്ന ആളുകൾക്ക് സീറ്റ്ബെൽറ്റ് വേണം എന്ന നിയമത്തിന്മേൽ അങ്ങ് ഇടപെട്ട് ഒരു പ്രായോഗികമായ തീരുമാനം എടുത്തിരുന്ന നല്ല ഒരു ഉദ്യോഗസ്ഥനെ അങ്ങേക്ക് നഷ്ടപ്പെടുകയും ചെയ്തു. ഈ ഒരു സാഹചര്യത്തിൽ കേന്ദ്ര നിയമത്തിനനുസൃതമായി കേരളത്തിൽ നിയമം പരിഷ്കരിക്കുകയല്ലേ വേണ്ടത്, അക്കാര്യത്തിൽ അങ്ങ് ആവശ്യമായ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യത്തിന് നമ്മൾ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ട്. 'The exemption given to subsection 8 of the 2nd provision of the said notification to the vehicle operating State permit or National goods permit or All India tourist permit from installing the speed governors goes against the spirit of the section 16.....' ഉടങ്ങിയ വിവരങ്ങൾ നമ്മൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അതിനനുസൃതമായ മാറ്റം വരുത്തണം എന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. നാഷണൽ പെർമിറ്റ് വണ്ടികൾക്ക് ഇപ്പോൾ എക്സംപ്ഷൻ നിലനിൽക്കുകയാണ്, അങ്ങനെ എക്സംപ്ഷൻ നിലനിറുത്തിക്കൊണ്ട് ഓടുമ്പോൾ ഉണ്ടാകുന്ന പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് നിയമത്തിൽ മാറ്റം വരുത്തണമെന്ന് നമ്മൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. റ്റി. എ. റഹീം രണ്ട് അടിയന്തര ചോദ്യമുണ്ട്, അതുകൊണ്ട് സപ്ലിമെന്ററി ചോദ്യം ഒന്നു മാത്രം മതി.

2. കേരളസർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന പരാതി

ശ്രീ. എ. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഓൺലൈൻ ഡിഗ്രി പ്രവേശനത്തിൽ സംവരണം അട്ടിമറിച്ചുവെന്ന ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംവരണ വിഭാഗത്തിൽപ്പെട്ട ഉയർന്ന മാർക്ക് ലഭിച്ച വിദ്യാർത്ഥികൾക്ക് മെരിറ്റ് ലിസ്റ്റിൽ പ്രവേശനം നൽകാതെ സംവരണ വിഭാഗത്തിൽപ്പെടുത്തി പ്രവേശനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുകാരണം യഥാർത്ഥത്തിൽ സംവരണത്തിന് അർഹതയുള്ള ഒട്ടേറെ വിദ്യാർത്ഥികളുടെ അവസരം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംവരണം നഷ്ടപ്പെടാതിരിക്കാൻ എന്തു പരിഹാര നടപടിയാണ് അടിയന്തരമായി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,

(എ) കേരളസർവ്വകലാശാല ഡിഗ്രി പ്രവേശനത്തിനുള്ള ഓൺലൈൻ അലോട്ടുമെന്റിൽ സാങ്കേതികമായി ചെറിയ പിഴവുകൾ പറ്റിയതല്ലാതെ അട്ടിമറി നടന്നിട്ടില്ല.